# പതിമൂന്നാം കേരള നിയമ സഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 2223 | 17-02-2016-ൽ മറുപടിക്ക്

## കമ്പ്യൂട്ടർ ഹാർഡ് വെയർ നിക്ഷേപങ്ങൾ

ചോദ്യം
ശ്രീ.പുരുഷൻ കടലുണ്ടി

മറുപടി
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കമ്പ്യൂട്ടർ ഹാർഡ് വെയർ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആ രംഗത്തെ ലക്ഷ്യവും നേട്ടവും വിശദമാക്കാമോ; | (എ) | ഉണ്ട്. ഐ പി എം സി (ഇൻ വെസ്റ്റ്മെന്റ് ആൻഡ് പ്രൊമോഷൻ മാനേജ്മെന്റ് സെൽ) എന്ന പദ്ധതിയിലൂടെ ഐ. സി. റ്റി. മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക്/ കമ്പനികൾക്ക് 01.12.2005 മുതൽ ആനുകൂല്യങ്ങൾ നൽകി വരുന്നു. പ്രത്യേക സാമ്പത്തിക മേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾ/കമ്പനികൾ ഒഴികെ കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും (IT Service/ ITES/ Software/ Hardware units) ഈ ആനുകൂല്യങ്ങൾ ലഭ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി കമ്പ്യൂട്ടർ ഹാർഡ് വെയറുകൾ നിർമ്മിക്കുന്നവ ഉൾപ്പെടെയുള്ള ഐ.ടി.അധിഷ്ഠിത സ്ഥാപനങ്ങൾക്ക് വേണ്ടി കേരള സ്റ്റേറ്റ് ഐ ടി മിഷനിൽ ഒരു പ്രത്യേക ഇൻവെസ്റ്റ് മെന്റ് ആന്റ് പ്രൊമോഷണൽ മാനേജ്മെന്റ് സെൽ രൂപികരിച്ചിട്ടുണ്ട്. ഇതിലൂടെ പ്രധാനമായും സ്റ്റാൻഡേർഡ് ഇൻവെസ്റ്റ് മെന്റ് സബ്സിഡിയാണ് നല്കി വരുന്നത്. സ്റ്റാൻഡേർഡ് ഇൻവെസ്റ്റ് മെന്റ് സബ്സിഡി രണ്ടു രീതിയിലാണ് ലഭ്യമാകുന്നത്.<br>1) തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകൾ ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനികൾക്ക് 15 ലക്ഷം രൂപ വരെ ആനുകൂല്യം നൽകി വരുന്നു. Fixed capital investment ന്റെ 30% എന്ന നിരക്കിലാണ് ഈ ആനുകൂല്യം നല്കുന്നത്.<br>2) മറ്റു ജില്ലകളിൽ പ്രവർത്തിക്കുന്ന കമ്പനികൾക്ക് 25 ലക്ഷം രൂപ അഥവാ ഫിക്സഡ് ക്യാപ്പിറ്റൽ |

| | | | |
|---|---|---|---|
| | | | ഇൻവെസ്റ്റ്മെന്റിന്റെ 40% എന്ന നിരക്കിലാണ് ആനുകൂല്യം നല്കുന്നത്. അഭ്യസ്ഥ വിദ്യരായ യുവജനങ്ങൾ തൊഴിലന്വേഷകരാകാതെ തൊഴിൽ ദായകർ ആകുന്നതിനായി പ്രോത്സാഹനം നല്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതിയിൽ ധനസഹായവും സാങ്കേതികവിദ്യാ വികസന ഫണ്ടും(Technology Development fund) ഉം ഉൾപ്പെടുത്തിയിട്ടുള്ളത് . ഈ പദ്ധതിയുടെ വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഐ റ്റി മിഷൻ IPMC എന്ന ഒരു പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. സംരംഭകർക്ക് ഈ പോർട്ടൽ വഴി രജിസ്ട്രേഷൻ സാധ്യമാകുന്നതാണ്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, ടെക്നോപാർക്ക്, തിരുവനന്തപുരം, ഇൻഫോപാർക്ക്, കൊച്ചി, കെ.എസ്.ഐ.ഡി.സി മുതലായ സ്ഥാപനങ്ങളിലെ തലവൻമാരെ കമ്പ്യൂട്ടർ ഹാർഡ് വെയർ ഉൾപ്പെടെയുള്ള ഐ.ടി.അധിഷ്ഠിത സംരംഭകരെ സഹായിക്കുന്നതിനായി ഐ പി. എം. സിയുടെ കോ- ഓർഡിനേറ്റിംഗ് ഓഫീസർമാരായി (Co-ordinating Officer) ആയി നിയമിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് കേരളത്തിൽ നിന്നുള്ള ഐ.ടി. ഉല്പന്നങ്ങളുടെ ഉല്പാദനം എത്ര മാത്രം വർദ്ധിച്ചിട്ടുണ്ട്; കേരളത്തിലേയ്ക്ക് അഞ്ച് വർഷത്തിനുള്ളിൽ കടന്നു വന്ന അന്താരാഷ്ട്ര-ഐ.ടി. സ്ഥാപനങ്ങൾ ഏതെല്ലാമാണ്; ഈ സ്ഥാപനങ്ങളുടെ വരവിലൂടെ പുതുതായി എത്ര പേർക്ക് തൊഴിൽ ലഭിച്ചു; സ്ഥാപനങ്ങളുടെയടിസ്ഥാനത്തിൽ വിശദമാക്കാമോ? | (ബി) | കേരളത്തിലെ ഐ.ടി. സ്ഥാപനങ്ങളിൽ നിന്നുള്ള ഐ.ടി. ഉത്പന്നങ്ങളുടെ കയറ്റുമതി സംബന്ധിച്ച് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഐ.ടി. പാർക്കുകളിൽ നിന്നും സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇൻഡ്യ (STPI ) കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നുമുള്ള വർഷം തിരിച്ചുള്ള കണക്കുകളാണ് സൂക്ഷിച്ചു വരുന്നത്. അവ താഴെ ചേർക്കുന്നു.<br><br>**ഐ.ടി.പാർക്കുകളിൽ നിന്നുള്ള കയറ്റുമതി**<br><br>**വർഷം** — **കയറ്റുമതി തുക (കോടിയിൽ)**<br>2011-2012 - 3267.63<br>2012-2013 - 5027.00<br>2013-2014 - 6600.00<br>2014-2015 - 8250.28 |

സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇൻഡ്യയുടെ (STPI ) കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഐ.ടി.സ്ഥാപനങ്ങളിൽ നിന്നുള്ള കയറ്റുമതി (STP & Non-STP) :

| **വർഷം** | | **കയറ്റുമതി തുക (കോടിയിൽ)** |
|---|---|---|
| 2011-2012 | - | 1982.64 |
| 2012-2013 | - | 2240.70 |
| 2013-2014 | - | 3665.23 |
| 2014-2015 | - | 2867.77 |

2015-16 സാമ്പത്തിക വർഷത്തെ കയറ്റുമതി സംബന്ധിച്ച കണക്കുകൾ നടപ്പ് സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം മാത്രമേ ലഭ്യമാവുകയുള്ളൂ.

സർക്കാർ നിയന്ത്രണത്തിലുള്ള ഐ.ടി. പാർക്കുകളിലെ കമ്പനികളെല്ലാം തന്നെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് ഇന്ത്യൻ കമ്പനികളായി പ്രവർത്തിക്കുന്നവയാണ്.അതിൽ ഭൂരിഭാഗം സ്ഥാപനങ്ങൾക്കും ഇന്ത്യയ്ക്ക് പുറത്ത് സ്വന്തം ഓഫീസുകൾ ഉണ്ട്. അന്താരാഷ്ട്ര സ്ഥാപനങ്ങളെ സംബന്ധിച്ച വേർതിരിച്ചുള്ള കണക്കുകളും, അതിലൂടെയുള്ള തൊഴിൽ ലഭ്യതയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**